**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1852** **11-10-2024 - ൽ മറുപടിയ്ക്ക്**

**മോട്ടോർ വാഹന വകുപ്പിൽ നികുതി വെട്ടിപ്പ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സണ്ണി ജോസഫ് ,<br>ശ്രീ. സി. ആർ. മഹേഷ്,<br>ശ്രീ. ടി. സിദ്ദിഖ്,<br>ശ്രീ. റോജി എം. ജോൺ | | ശ്രീ കെ ബി ഗണേഷ് കുമാർ<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | വാഹൻ സോഫ്റ്റ്‌വെയറിലെ പിഴവ് ഉപയോഗപ്പെടുത്തി മോട്ടോർ വാഹന വകുപ്പിൽ കോടികളുടെ നികുതി വെട്ടിപ്പ് നടന്നതായുള്ള ആക്ഷേപം ഗൗരവത്തോടെ കാണുന്നുണ്ടോ; വ്യക്തമാക്കുമോ; | (എ) | വാഹൻ സോഫ്‌വെയറിൽ തെറ്റായ രേഖകൾ അപ്‌ലോഡ് ചെയ്ത് ക്രമവിരുദ്ധമായ നടപടികൾ സ്വീകരിച്ച് നികുതി വെട്ടിപ്പ് നടത്തിയത് സംബന്ധിച്ച വിഷയത്തിൽ ഗൗരവതരമായ അന്വേഷണവും നടപടികളും സ്വീകരിച്ച് വരികയാണ്. |
| (ബി) | വാഹൻ സോഫ്റ്റ്‌വെയറിൽ എഡിറ്റിംഗ് നടത്തുവാൻ ഉദ്യോഗസ്ഥർക്ക് അനുമതി നൽകാനിടയായ സാഹചര്യം എന്താണെന്ന് വ്യക്തമാക്കുമോ; | (ബി) | സംസ്ഥാനം ഉപയോഗിച്ചുകൊണ്ടിരുന്ന സോഫ്റ്റ്‌വെയറിൽ നിന്നും കേന്ദ്ര ഗതാഗത മന്ത്രാലയത്തിന്റെ നിയന്ത്രണത്തിലുള്ള സോഫ്റ്റ് വെയറിലേക്ക് മോട്ടോർ വാഹന വകുപ്പ് മാറിയപ്പോൾ Data Porting ആവശ്യമായി വന്നു. പോർട്ട് ചെയ്യപ്പെട്ട ഡാറ്റയിലെ missing fields, enter ചെയ്യുന്നതിനും mismatch ആയിട്ടുള്ള ഫീൽഡുകൾ ചേർക്കുന്നതിനും ആണ് editing എന്ന option ഉദ്യോഗസ്ഥർക്കു നൽകിയത്. Manual of Office Procedure (MOP) അനുസരിച്ചുള്ള ത്രിതല രീതിയിൽ (മൂന്ന് ഉദ്യോഗസ്ഥരെ ചുമതലപ്പെടുത്തി – അതായത് entry, verify, approval) ആണ് editing നടത്തുന്നത്. |
| (സി) | എന്തൊക്കെ ക്രമക്കേടുകളാണ് കണ്ടെത്തിയിട്ടുള്ളത്; വിശദാംശം നൽകുമോ; ഈ കാര്യത്തിൽ അന്വേഷണം നടത്തിയിട്ടുണ്ടോ; ഉത്തരവാദികളായവർക്കെതിരെ കർശന നടപടി സ്വീകരിക്കുമോ ? | (സി) | വകുപ്പുതല അന്വേഷണം നടത്തിയതിൽ വാഹൻ സോഫ്റ്റ്‌വെയറിൽ സ്വീകരിച്ച ജി ഫോം അപേക്ഷകൾ കൈകാര്യം ചെയ്യുന്നതിൽ വീഴ്ച വരുത്തുക, നിയമപരമായി ഈടാക്കേണ്ട നികുതി ഈടാക്കാതെ നികുതി ഇളവ് അനുവദിച്ച് നൽകുക, നികുതി ഈടാക്കാതെ പല കാലയളവിലേക്കും അനധികൃതമായി ടാക്സ് ക്ലിയർ ചെയ്ത് നൽകുക, stage carriage വാഹനങ്ങളുടെ നികുതി സ്വീകരിച്ചതിൽ ക്രമക്കേടുകണ്ടെത്തി വാഹൻ സോഫ്റ്റ് വെയറിൽ **RMA** വാഹനങ്ങളുടെ പർച്ചേസ് വാല്യൂവിൽ മന:പൂർവ്വം കുറവ് വരുത്തുക തുടങ്ങിയ ക്രമക്കേടുകൾ നടന്നിട്ടുള്ളതായി കണ്ടെത്തിയതിന്റെ |

| | | | |
|---|---|---|---|
| | | | അടിസ്ഥാനത്തിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കെതിരെ അച്ചടക്ക നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ